# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10 — 26/09/2016 -ൽ മറുപടിക്ക്

## "ഭൂമിക" പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു.ആർ.പ്രദീപ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ജോർജ്ജ് എം.തോമസ്<br>ശ്രീ.കാരാട്ട് റസാഖ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'ഭൂമിക' പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. ലിംഗ പദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് (Gender Based Violence) ഇരയാകുന്നവർക്ക് വൈദ്യസഹായവും നിയമ സഹായവും കൗൺസിലിങ്ങും നൽകുന്നതിനായി കേരളത്തിലെ പ്രധാന ആശുപത്രികളിൽ 2009 ഡിസംബർ മുതൽ ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി ഭൂമിക ജെന്റർ ബെയ്സ്ഡ് വയലൻസ് മാനേജ്മെന്റ് സെന്റർ (Gender Based Violence Management Centre -GBVMC) പ്രവർത്തനം ആരംഭിച്ചു |
| (ബി) | ഉണ്ടെങ്കിൽ പദ്ധതി പ്രവർത്തനങ്ങൾ വിശദമാക്കുമോ; | ബി) | ഭൂമിക സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br>1. അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ആരോഗ്യ പരിചരണവും കൗൺസിലിങ്ങും<br>2. അതിക്രമങ്ങൾക്ക് ഇരയായി ആശുപത്രിയിൽ എത്തുന്നവരെ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കൽ<br>3. ഡോക്ടർമാർ, നേഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനങ്ങൾ<br>4. അതിക്രമത്തിന് ഇരയായവരെ സഹായിക്കുന്നതിന് മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ (ഉദാ- സാമൂഹിക ക്ഷേമ വകുപ്പ്, വനിതാസെൽ, ഷെൽറ്റർ ഹോം, ജാഗ്രതാസമിതി, സന്നദ്ധ സംഘടനകൾ)<br>5. അതിക്രമത്തിന് ഇരയായി വരുന്നവർക്ക് ആവശ്യമാണെങ്കിൽ മറ്റു സേവനങ്ങൾ (നിയമസഹായം, താമസ സൗകര്യം)<br>6. കൗൺസിലിങ്ങ് സേവനങ്ങൾ, ആവശ്യമെങ്കിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം |
| സി) | പ്രസ്തുത പദ്ധതി എല്ലാ ജില്ലാ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. ഈ പദ്ധതി 8 ജില്ലാ ആശുപത്രികളിലും 6 ജനറൽ ആശുപത്രികളിലും, തിരഞ്ഞെടുക്കപ്പെട്ട 7 താലൂക്കാശുപത്രികളിലും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ഡി) | സ്ത്രീകൾക്കെതിരായ അക്രമങ്ങൾ തിരിച്ചറിഞ്ഞ് അതിന് ഇരയാകുന്നവർക്ക് കൗൺസിലിംഗ്, നിയമ സഹായം എന്നിവ നൽകുന്നതിന് പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | ഭൂമിക സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൗൺസിലിങ്ങ് നൽകുന്നതിനുമായി രണ്ട് വനിതാ കൗൺസിലർ/ കോ ഓർഡിനേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2015-16 വർഷങ്ങളിൽ 8742 കേസുകളാണ് 21 സെന്ററുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. സെന്ററിൽ വരുന്ന കേസുകളിൽ നിയമസഹായം ആവശ്യമുള്ള കേസുകൾ ജില്ലാ ലീഗൽ സർവ്വീസസ്സ് അതോറിറ്റിയിലെ എംപാനൽ ചെയ്ത അഭിഭാഷകർക്ക് റഫർ ചെയ്യുന്നു. പോലീസിന്റെ സഹായം ആവശ്യമുള്ള കേസുകൾ പോലീസിലേയ്ക്കും നിയമപരമായി സംരക്ഷണം ആവശ്യമുള്ള കേസുകൾ സാമൂഹ്യ നീതി വകുപ്പിലെ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും റഫർ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ